

# സഭ പ്രേഷിത സമൂഹം

10

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.

# പാഠം 4

# വിശ്വാസത്തിന്റെ വീരസാക്ഷികൾ



ശ്ലീഹന്മാരുടെ തീക്ഷ്ണത നിറഞ്ഞ പ്രേഷിത പ്രവർത്തനങ്ങൾ അനേകരെ ക്രിസ്തീയവിശ്വാസത്തിലേക്ക് നയിച്ചു. ക്രിസ്തുമതം സ്വീകരിച്ചവരുടെ മാതൃകാപരമായ ജീവിതവും അനേകർക്ക് സഭാംഗങ്ങളാകുവാൻ പ്രചോദനമേകി.

ചക്രവർത്തിയെ ദേവനായി കരുതി ആരാധിക്കുന്ന രീതി റോമാസാമ്രാജ്യത്തിൽ നിലനിന്നിരുന്നു. അതിന് ക്രിസ്ത്യാനികൾ തയ്യാറായില്ല.

ക്രിസ്ത്യാനികൾ നടത്തിപ്പോന്ന പ്രാർത്ഥനാസമ്മേളനങ്ങളെ മറ്റുള്ളവർ സംശയത്തോടെ വീക്ഷിക്കാൻ തുടങ്ങി. അപ്പം മുറിക്കൽ ശുശ്രൂഷയിൽ തങ്ങൾ ഈശോയുടെ മാംസരക്തങ്ങൾ സ്വീകരിക്കുകയാണ് ചെയ്യുന്നത് എന്ന ക്രിസ്ത്യാനികളുടെ പ്രഖ്യാപനം മനുഷ്യക്കുരുതിയും നരഭോജനവും അവരുടെ മേൽ ആരോപിക്കപ്പെടാൻ ഇടയാക്കി.

# ശ്ലീഹന്മാരുടെ രക്തസാക്ഷിത്വം

പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ലോകത്തിന്റെ
വിവിധ ഭാഗങ്ങളിലേക്ക് പോയ ശ്ലീഹന്മാരുടെ സുവി
ശേഷ പ്രഘോഷണംവഴി അനേകർ ഈശോയെ രക്ഷ
കനായി സ്വീകരിച്ചുകൊണ്ട് സഭയിലേക്ക് കടന്നുവന്നു.
അതോടൊപ്പം ധാരാളം ശത്രുക്കളുമുണ്ടായി.
യോഹന്നാൻ ഒഴികെയുള്ള ശ്ലീഹന്മാരെല്ലാം രക്തസാ
ക്ഷികളായി.



# റോമൻചക്രവർത്തിമാരും മതപീഡനങ്ങളും

**നീറോ** ചക്രവർത്തിയുടെ കാലംമുതൽ **ഡയോക്ലീഷൻ** ചക്രവർത്തിയുടെ കാലംവരെ കഠിനമായ 10 മതപീഡനങ്ങളാണ് ക്രിസ്ത്യാനികൾക്ക് സഹിക്കേണ്ടിവന്നത്. നീറോ ചക്രവർത്തിയാണ് (54–68) ക്രിസ്ത്യാനികളെ വിശ്വാസത്തിന്റെ പേരിൽ പീഡിപ്പിക്കാൻ പ്രേരിപ്പിച്ചത്.



# എ.ഡി. 313 ലെ കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ മിലാൻ വിളംബരത്തോടുകൂടി സഭയ്ക്ക് സ്വാതന്ത്ര്യം കിട്ടി.

1 നീറോ ചക്രവർത്തി
2. ഡൊമീഷ്യൻ ചക്രവർത്തി
3. ട്രാജൻ ചക്രവർത്തി
4. അന്റോണിയൂസ് പയസ്
5. മാർക്കസ് ഔറേലിയൂസ്
6. സെപ്തമിയസ് സെവേരിയസ്
7. മാക്സിമിൻ ട്രാസ്
8. മാക്സിയൻ ഡേഷ്യസ്
9. വലേറിയൻ
10. ഡയോക്ലീഷ്യൻ

# പൗരസ്ത്യ രക്തസാക്ഷികൾ

ക്രിസ്തുവർഷം 3–ാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ സാപ്പോർ ചക്രവർത്തിമാർ പേർഷ്യയിലെ ക്രിസ്ത്യാനികളെ അതിക്രൂരമായി പീഢിപ്പിച്ചിരുന്നു.

ഈ കാലഘട്ടത്തിലെ രക്തസാക്ഷികൾ

1. വി. കാൻഡിഡ
2. സെലൂഷ്യാസ്തെസിഫണിലെ മെത്രാനായിരുന്ന ശെമയോൻ ബെർസബൈ, അദ്ദേഹത്തിന്റെ സഹോദരിമാർ, രാജകൊട്ടാരത്തിലെ ജോലിക്കാരായിരുന്ന പോസി, അദ്ദേഹത്തിന്റെ മകൾ മർത്താ, വി. മറൂത്ത....

# പിൽക്കാല രക്തസാക്ഷികൾ



വി. തോമസ് മൂർ



വി. മാക്സ്മില്യൻ കോൾബേ

# ഭാരതത്തിലെ രക്തസാക്ഷികൾ

ജോൺ ബ്രിട്ടോ

ദേവസഹായംപിള്ള

സി. റാണി മരിയ

ഫാ. അരുൾദാസ്

# രക്തസാക്ഷികളുടെ ധീരത

രക്തസാക്ഷികൾ പീഢനമേറ്റപ്പോൾ പ്രകടമാക്കിയ വിശ്വാസവും ധീരതയും അത്ഭുതകരമായിരുന്നു.

സ്മിർണായിലെ വി. പോളി കാർപ്പ്

രക്തസാക്ഷികളുടെ ധീരമായ സഹനവും വിശ്വാസ സ്ഥിരതയും അനേകരെ ക്രിസ്തുവിശ്വാസത്തിലേക്ക് ആകർഷിച്ചു. അവരെ മർദ്ദിച്ചവർപോലും അവരുടെ വിശ്വാസംകണ്ട് തങ്ങളും ക്രിസ്ത്യാനികളാണെന്ന് ഏറ്റുപറഞ്ഞ് മരണം വരിച്ചു. രക്തസാക്ഷികളുടെ ചുടുനിണം വീണ് കുതിർന്ന മണ്ണിൽ സഭാതരു തഴച്ചുവളർന്നു. വിശ്വാസം രക്ഷിക്കാൻവേണ്ടി ജീവൻ ത്യജിക്കേണ്ടിവരുന്നില്ലെങ്കിൽപോലും ഈശോ കാണിച്ചുതന്ന സ്നേഹത്തിന്റെയും ക്ഷമയുടേയും മാർഗ്ഗം പിൻതുടരാൻ ത്യാഗവും ധൈര്യവും ആവശ്യമാണ്.

# സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

* ഹേറോദേസ് രാജാവിന്റെ കാലം മുതൽതന്നെ ക്രൈസ്തവർ തങ്ങളുടെ വിശ്വാസത്തെപ്രതി പീഡിപ്പിക്കപ്പെട്ടു തുടങ്ങി.

* എന്നാൽ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ ശ്ലീഹന്മാരും പിൻഗാമികളും ധീരതയോടെ ഈശോയിലുള്ള വിശ്വാസം ഏറ്റുപറഞ്ഞു മരണംപുൽകി.



* നീറോ ചക്രവർത്തിമുതൽ ഡയോക്ലീഷ്യൻ ചക്രവർത്തിവരെയുള്ള റോമൻ രാജാക്കന്മാരെല്ലാം അതിക്രൂരമായ മതമർദനം നടത്തിയവരാണ്. അതിനാൽ ഈ കാലഘട്ടത്തിൽ സഭയ്ക്കു ധാരാളവിശുദ്ധ രക്തസാക്ഷികളെ ലഭിച്ചു. പൗരസ്ത്യ സഭയിലും ഈ കാലഘട്ടത്തിൽ അനേകം രക്തസാക്ഷികൾ ഉണ്ടായിരുന്നു.

* അനേകർ യഹൂദമതം ഉപേക്ഷിച്ചു ക്രിസ്തുമതം സ്വീകരിച്ചതും വിജാതീയർ ക്രിസ്ത്യാനികളായതും യഹൂദരെ ചൊടിപ്പിച്ചു. രാജാവിനെ ദൈവമായി അംഗീകരിക്കാൻ ക്രിസ്ത്യാനികൾ തയ്യാറാകാതിരുന്നതു ഭരണാധികാരികളെയും ശത്രുക്കളാക്കി. അങ്ങനെയാണു ക്രിസ്ത്യാനികൾ പീഡിപ്പിക്കപ്പെടാൻ തുടങ്ങിയത്.



* എ.ഡി. 313 ലെ മിലാൻ വിളംബരത്തോടെയാണ് സഭയ്ക്ക് റോമാസാമ്രാജ്യത്തിൽ സ്വാതന്ത്ര്യം ലഭിച്ചത്.

* വിശുദ്ധ തോമസ്മൂർ, മാക്സ്മില്യൻ കോൾബേ തുടങ്ങിയവർ പിൽക്കാലങ്ങളിൽ രക്തസാക്ഷികളായവരാണ്. വിശുദ്ധ ജോൺബ്രിട്ടോ, ദൈവസഹായം പിള്ള തുടങ്ങയവർ ഭാരതത്തിലെ രക്തസാക്ഷികളാണ്.

* മതപീഡനങ്ങൾ സഭയെ തളർത്തുകയല്ല വളർത്തുകയാണു ചെയ്തത്.

# സ്വന്തമാക്കേണ്ട മനോഭാവങ്ങൾ

* ക്രൈസ്തവവിശ്വാസത്തിൽ അഭിമാനം.
* സഭയിൽ രക്തസാക്ഷിത്വം വരിച്ചവരോട് ആദരവും സ്നേഹവും.



## സ്വന്തമാക്കേണ്ട ശീലങ്ങൾ

* വിശ്വാസം സംരക്ഷിക്കുന്നതിനു വേണ്ടി എന്തു ക്ലേശവും ഏറ്റെടുക്കാനുള്ള സന്നദ്ധത.

* രക്തസാക്ഷികളുടെ ജീവിതകഥകൾ വായിക്കുന്നു.

